LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ കേസുകളിൽ നിയമവകുപ്പിന്റെ അഭിപ്രായമാരായാൻ നടപടി

*9 [364] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നടന്നുവരുന്ന കേസുകളിൽ നിയമ വകുപ്പിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(ബി) സർക്കാർ താൽപ്പര്യത്തിന് വിരുദ്ധമായി പല കേസുകളും പരാജയപ്പെടാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ;

(സി) നിയമവകുപ്പിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടാതെയാണ് പ്രസ്തുത കേസുകൾ കോടതിയിൽ എത്തിയിട്ടുള്ളതെങ്കിൽ അതിനുള്ള സാഹചര്യങ്ങൾ പറയാമോ;

(ഡി) സർക്കാരുമായി ബന്ധപ്പെട്ട എല്ലാ കേസുകളും നിയമവകുപ്പിന്റെ അഭിപ്രായത്തോടുകൂടി മാത്രം കോടതികളിലെത്തിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) നിയമവകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ട്. ഉപദേശം തേടിയ കേസുകളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

1. 15556/04 നമ്പർ റിട്ട് പെറ്റീഷനിൻമേൽ ഉള്ള 1998-ലെ ലോട്ടറീസ് (റെഗുലേഷൻ) ആക്ടിന്റെ 4-ാം വകുപ്പിലെ നിബന്ധനകൾ ലംഘിച്ചുകൊണ്ട് ലോട്ടറി നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണെന്ന 16-8-2004-ലെ ഹൈക്കോടതി വിധിക്കെതിരെ, മേഘാലയ ഗവൺമെന്റ് സമർപ്പിച്ച 5835-5839/2004 സിവിൽ അപ്പീലിൽ 11-10-2004-ലെ സുപ്രീം കോടതിയുടെ ഇടക്കാല വിധിയിലൂടെ 16-8-2004-ലെ ഹൈക്കോടതി വിധി സ്റ്റേ ചെയ്തു. ഇതു സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ലഭിച്ച അഡീഷണൽ എ.ജി.-യുടെ ഉപദേശത്തിൻമേൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു.

2. കൂടാതെ ശ്രീ. അമൽരാജ്, വിൽപ്പന നികുതി അടച്ച ടിക്കറ്റുകൾ വിൽക്കാൻ തന്നെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഐ.എ. നമ്പർ 398/05-ലും സമാന കേസ്സുകളിലും സർക്കാർ സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

3. 2289/2004 റിട്ട് അപ്പീലിൻമേലുള്ള 10-2-2005-ലെ ബഹു. ഹൈക്കോടതിയുടെ വിധിക്കെതിരെ ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനും നിയമ വകുപ്പിന്റെ ഉപദേശം ആരാഞ്ഞിരുന്നു.

4. ആൾ ഇന്ത്യാ ഫെഡറേഷൻ ഓഫ് ലോട്ടറി ട്രേഡ് ആന്റ് അലൈഡ് ഇൻഡസ്ട്രീസ് സമർപ്പിച്ച റിട്ട് പെറ്റീഷനിൽ പ്രതിവാദ പത്രിക ഫയൽ ചെയ്യുന്നതിന് നിയമവകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.

5. മേഘാലയ സർക്കാർ ഫയൽ ചെയ്ത കോടതി അലക്ഷ്യ കേസ് നമ്പർ 593-597/2004-മേൽ സുപ്രീം കോടതിയിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിന് മുമ്പായി നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(ബി) ലോട്ടറി സംബന്ധമായി ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഫയൽ ചെയ്ത വിവിധ കേസുകളിൽ സർക്കാരിന് അനുകൂലമായും പ്രതികൂലമായും വിധികൾ വന്നിട്ടുണ്ട്. റിട്ട് പെറ്റീഷൻ 35368/2003-മേൽ ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് 17-11-2003-ൽ പുറപ്പെടുവിച്ച വിധിയും പ്രസ്തുത വിധിക്കെതിരെ 2044/03-ലെ താഷിഡലക്ക് ഗെയിമിംഗ് സൊലൂഷൻ സമർപ്പിച്ച റിട്ട് അപ്പീലിൻമേൽ 28-4-2004-ൽ ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധിയും കേരള സർക്കാരിന് അനുകൂലമായിരുന്നു. ഇതിനെതിരെ അന്യ സംസ്ഥാന ലോട്ടറിക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീൽ 2044/03-ൽ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 19-12-2003-ലെ ഇടക്കാല ഉത്തരവ് സർക്കാരിന് എതിരായിരുന്നു. എന്നാൽ ഡിവിഷൻ ബഞ്ചിന്റെ അന്തിമ വിധി കേരള സർക്കാരിന് അനുകൂലമായിരുന്നു. 28-4-2004-ലെ പ്രസ്തുത വിധിക്കെതിരെ സുപ്രീം കോടതിയിൽ മേഘാലയ സർക്കാർ സമർപ്പിച്ച 3088,3089, 3090/04 എസ്.എൽ. പി.യിന്മേൽ 17-5-2004-ലെ സുപ്രീം കോടതിയുടെ ഇടക്കാല വിധിയിൽ, ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 19-12-2003-ലെ ഇടക്കാല വിധി നിലനിൽക്കുമെന്ന് ഉത്തരവായി. തുടർന്നു വന്ന സുപ്രീം കോടതിയുടെ പല ഇടക്കാല ഉത്തരവുകളിലും ഇതേ നിലപാടാണ് സ്വീകരിച്ചത്. റിട്ട് പെറ്റീഷൻ 16621/2004-മേൽ ബഹു. ഹൈക്കോടതിയുടെ 16-8-2004-ലെ അന്തിമ വിധി കേരള സർക്കാരിന് അനുകൂലമായിരുന്നു. എങ്കിലും പിന്നീട് സുപ്രീം കോടതി ഈ ഉത്തരവ് സ്റ്റേ ചെയ്തു. സംസ്ഥാന സർക്കാരിനുവേണ്ടി സുപ്രീം കോടതിയിൽ ലോട്ടറി കേസ് കൈകാര്യം ചെയ്യുന്നതിന് പ്രഗൽഭരായ അഭിഭാഷകരെയാണ് നിയോഗിച്ചിരുന്നത്. സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസുകളിൽ അന്തിമ വിധി ആയിട്ടില്ല.

(സി) സർക്കാരിന് ലഭിച്ച കേസുകളിൽ നിയമവകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു.

(ഡി) നിയമ വകുപ്പിന്റെ ഉപദേശം ആവശ്യമുള്ള എല്ലാ കേസുകളിലും ഈ വകുപ്പിന്റെ അഭിപ്രായത്തോടുകൂടിയാണ് കേസുകൾ കോടതിയിൽ എത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly